LIBRARY ARCHIVES Kerala Legislative Assembly

വനസംരക്ഷണ സമിതി

96 [T1814] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം സംരക്ഷണ സമിതിയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) വനം സംരക്ഷണസമിതിയിൽ അംഗങ്ങളായിട്ടുള്ളവർക്ക് എന്തെല്ലാം പ്രവർത്തനങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ & ബി) വനം വകുപ്പുമായി ചേർന്ന് പങ്കാളിത്ത രീതിയിൽ വനപരിപാലനം നടത്തുക എന്നുള്ളതാണ് വനസംരക്ഷണസമിതി കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. ധാരണാപത്രം ഒപ്പിട്ട് ഏൽപ്പിച്ചു കൊടുത്തിട്ടുള്ള വനപ്രദേശത്തിന്റെ സംരക്ഷണവും പരിപാലനവും അതാതു സമിതികളുടെ ചുമതലയാണ് ഇതിനായി തയ്യാറാക്കി അംഗീകരിക്കപ്പെട്ട സൂഷ്മാസൂത്രണ രേഖകൾ അനുസരിച്ച് സമിതികൾ പ്രവർത്തിക്കുന്നു. ആസൂത്രണ രേഖയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പദ്ധതികൾ വാർഷിക കർമ്മപരിപാടി അനുസരിച്ച് നടപ്പാക്കണം. ഇവയാണ് വനസംരക്ഷണ സമിതികളുടെ പ്രവർത്തനം. വനം സംരക്ഷണ സമിതി അംഗങ്ങൾ മേൽപ്പറഞ്ഞ പ്രവർത്തനങ്ങളിൽ സ്വമേധയാ ഭാഗഭാക്കാകുക, അതാതു സമിതിയുടെ സൂഷ്മാസൂത്രണ രേഖയ്ക്ക് അനുസൃതമായി പ്രവർത്തിക്കുക എന്നല്ലാതെ അവർക്ക് പ്രത്യേക പ്രവർത്തനങ്ങൾ ഒന്നും നൽകുന്നില്ല.

മറയൂരിലെ ചന്ദന കള്ളക്കടത്ത്

97 [1815] ശ്രീ. ടി. എം. ജേക്കബ്:

,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചന്ദന മരങ്ങൾ സംരക്ഷിക്കുവാൻ പുതുതായി എന്ത് പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാനത്ത് മൂന്നാർ ഡിവിഷനിലാണ് ചന്ദന റിസർവുകൾ ഉള്ളത്. ചന്ദന റിസർവിലെ മരങ്ങളുടെ സംരക്ഷണത്തിനായി മറയൂർ ആസ്ഥാനമാക്കി ഒരു സാന്റൽ ഫോറസ്റ്റ് ഡിവിഷൻ രൂപീകരിക്കുന്നതിന് പദ്ധതികൾക്ക് രൂപം നൽകി നടപടികൾ കൈക്കൊണ്ടുവരുന്നു. 24 പോലീസുകാർ അടങ്ങുന്ന ഒരു ദ്രുതകർമ്മസേന മറയൂരിൽ പ്രവർത്തിച്ചുവരുന്നു. ഒരു അസിസ്റ്റന്റ് കൺസർവേറ്റർ, 3 റേഞ്ചോഫീസർമാർ, 9 ഫോറസ്റ്റർമാർ, 30 ഫോറസ്റ്റ് ഗാർഡുമാർ ഉൾപ്പെടുന്ന ഒരു സ്പെഷ്യൽ ടാസ്ക് ഫോഴ്സ് 14-2-2005 മുതൽ പ്രവർത്തിച്ചുവരുന്നു. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാരെ ഏകോപിപ്പിച്ച് കേസുകളിൽപ്പെട്ട പ്രതികളെ പിടികൂടുന്നതിന് ശ്രമങ്ങൾ നടത്തിവരുന്നു.